# പതിന്നാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4921 27.10.2016 -ൽ മറുപടിക്ക്

## ചിറ്റൂർ മിനി സിവിൽ സ്റ്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ചിറ്റൂർ നിയോജക മണ്ഡലത്തിലെ മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റി സ്ഥാപിക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള താലൂക്ക് ഓഫീസ് ഉൾപ്പെടെയുള്ള ഒട്ടവനധി ഓഫ്സുകൾ മാറ്റി സ്ഥാപിച്ചിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഉണ്ടെങ്കിൽ ഈ സാമ്പത്തിക വർഷം തന്നെ അത്തരം ഓഫീസുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ; | (ബി) അത്തരം ഓഫീസുകൾ മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) മിനി സിവിൽ സ്റ്റേഷനിലേക്ക് ആവശ്യമായ പാർട്ട്ടൈം സ്വീപ്പർ, വാച്ച് മാൻ തുടങ്ങിയ തസ്തികകൾ ഇതുവരെയും സൃഷ്ടിക്കപ്പെട്ടിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികകൾ അടിയന്തിരമായി സൃഷ്ടിക്കുവാൻ നടപടിയെടുക്കുമോ; | (സി) ഇല്ല. ചിറ്റൂർ മിനി സിവിൽ സ്റ്റേഷനിൽ അതാതു ഓഫീസുകളിലെ ശുചീകരണ പ്രവർത്തനങ്ങൾ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർമാർ/ഫുൾടൈം സ്വീപ്പർമാർ ചെയ്തു വരുന്നുണ്ട്. അത്തരം തസ്തികകൾ ഇല്ലാത്ത ഓഫീസുകൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പുകളാണ് തീരുമാനമെടുക്കേണ്ടത്. |
| (ഡി) മിനി സിവിൽ സ്റ്റേഷനിൽ വകുപ്പ് തല മീറ്റിംഗുകൾ നടത്താനായി എല്ലാ സൗകര്യങ്ങളോടും കൂടിയ മിനി കോൺഫറൻസ് ഹാൾ സജ്ജീകരിക്കാൻ ഫണ്ട് അനുവദിക്കുകയും അതിനായി നിർദ്ദേശം നൽകുകയും ചെയ്യുമോ; | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) റവന്യൂ ഉൾപ്പെടെ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറിയതും മാറാത്തതുമായ ഓഫീസകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ? | (ഇ) അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### ചിറ്റൂർ മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറിയ ഓഫീസുകൾ

1. താലൂക്ക് സപ്ലൈ ഓഫീസ്, ചിറ്റൂർ
2. താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, ചിറ്റൂർ
3. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, ചിറ്റൂർ
4. ലീഗൽ മെട്രോളജി ഓഫീസ്, ചിറ്റൂർ
5. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, ചിറ്റൂർ
6. ഡയറി എക്സ്റ്റൻഷൻ ഓഫീസ്, ചിറ്റൂർ
7. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ചിറ്റൂർ
8. അസിസ്റ്റന്റ് ലേബർ ഓഫീസ്
9. പെർഫോമൻസ് ഓഡിറ്റ് ഓഫീസ്, ചിറ്റൂർ
10. ഇൻഡസ്ട്രീസ് ഓഫീസ്, ചിറ്റൂർ
11. ചൈൽഡ് ഡവലപ്പ്മെന്റ് ഓഫീസ്, ചിറ്റൂർ

### ചിറ്റൂർ മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറാത്ത ഓഫീസുകൾ

1. സ്റ്റേറ്റ് അഗ്മാർക്ക് ട്രേഡിംഗ് ലബോറട്ടറി, തത്തമംഗലം
2. അസിസ്റ്റൻറ് ഡയറക്ടർ കോ-ഓപ്പറേറ്റീവ് ഓഡിറ്റ് ഓഫീസ്
3. അസിസ്റ്റന്റ് രജിസ്ട്രാർ കോ-ഓപ്പറേറ്റീവ് ജനറൽ ഓഫീസ്
4. സബ് റീജിണൽ ട്രാൻസ്പോർട്ട് ഓഫീസ്, ചിറ്റൂർ
5. ഫുഡ് സേഫ്റ്റി ഓഫീസ്, ചിറ്റൂർ
6. സബ് ട്രഷറി ഓഫീസ്, ചിറ്റൂർ
7. സ്പെഷ്യൽ തഹസീൽദാർ ഓഫീസ്, റവന്യൂ റിക്കവറി, ചിറ്റൂർ
8. ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ്, കൊമേഴ്സ്യൽ ടാക്സ്, ചിറ്റൂർ

സെക്ഷൻ ഓഫീസർ